# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1803** — **04.10.2016 ൽ മറുപടിയ്ക്ക്**

### അഷ്ടമുടിയിലെ കായലിലെ ടൂറിസം വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം. മുകേഷ് : | ശ്രീ. എ. സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| [എ] അഷ്ടമുടി കായലിലേയും സമീപ പ്രദേശങ്ങളിലേയും ജൈവ വൈവിധ്യം സംരക്ഷിച്ചുകൊണ്ട് ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | [എ] മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി M/s IL &FS എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരട് പ്ലാനിനു അംഗീകാരം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) പ്രസ്തുത ഏജൻസി കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം ഫൈനൽ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നതിന് ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ